**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 909** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കാട്ടുപന്നി അതിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ കാട്ടുപന്നികളുടെ ശല്യം കാരണം ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച വില്ലേജുകൾ ഏതൊക്കെയാണെന്നറിയിക്കാമോ; | (എ) | കാട്ടുപന്നികളുടെ ശല്യവും കൃഷിനാശവും ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളുടെ ലിസ്റ്റ് വില്ലേജ് അടിസ്ഥാനത്തിൽ വിവിധ സർക്കിളുകളിൽ തയ്യാറാക്കിയിട്ടുള്ളതും ആയത് പ്രകാരം സംസ്ഥാനത്ത് കാട്ടുപന്നി ആക്രമണം രൂക്ഷമായ പ്രദേശങ്ങളുടെ ലിസ്റ്റ് സംസ്ഥാന സർക്കാർ 8.02.2022 ന് കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ 33 വില്ലേജുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. |
| (ബി) | കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാറിൽ ഏതൊക്കെ രീതിയിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വന്യജീവി (സംരക്ഷണം) നിയമം 1972 സെക്ഷൻ 62 പ്രകാരം കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. ഷെഡ്യൂൾ III ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 01.11.2020 തീയതിയിൽ ഡി2/126/2020/വനം നമ്പർ സർക്കാർ കത്ത് പ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിൻറെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നം. 8-31/2020-ഡബ്ലിയു.എൽ, തീയതി 10.12.2020-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാരിൻറെ അപേക്ഷ മടക്കി നൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിൻറെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തു വന്നിരുന്നുവെങ്കിലും, കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടില്ല എന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും 17.06.2021-ന് ഡി2/126/2020/വനം നമ്പർ പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന് മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 2011 മുതൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളെയും 06.02.2021-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച അഡ്വൈസറിയിന്മേൽ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് 08.07.2021-ലെ F.No. 831/2020 WL നമ്പർ കത്ത് മുഖാന്തിരം കേന്ദ്ര സർക്കാർ വിവരങ്ങൾ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ആയതിനുള്ള മറുപടി 17.11.2021 ലെ ഡി2/126/2020/വനം നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 06.02.2021-ലെ അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ ഇൻറർ ഡിപ്പാർട്ടുമെൻറൽ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് 09.12.2021-ലെ സ.ഉ. (ആർ.റ്റി.) നം. 402/2021/വനം പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് 21-11-2021-ന് വനം വകുപ്പ മന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിന് ശേഷം കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 08.02.2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വില്ലേജ് |
|---|---|
| 1 | കായക്കൊടി |
| 2 | വിളങ്ങാട് |
| 3 | കാവിലുംപാറ |
| 4 | മരുതുംകര |
| 5 | തിനൂർ |
| 6 | വാളയം |
| 7 | നാദാപുരം |
| 8 | വാണിമേൽ |
| 9 | നായർപ്പട്ട |
| 10 | വേളം |
| 11 | കൂരാച്ചുണ്ട് |
| 12 | കാന്തലാട് |
| 13 | പനങ്ങാട് |
| 14 | കിണലൂർ |
| 15 | ഉണ്ണികുളം |
| 16 | കട്ടിപ്പാറ |
| 17 | ചിങ്ങപുരം |
| 18 | ബാലുശ്ശേരി |
| 19 | ചക്കിട്ടപ്പാറ |
| 20 | ചെമ്പനോട |
| 21 | പലേരി |
| 22 | ചെങ്ങരോട്ട് |
| 23 | കായണ്ണ |
| 24 | കൂത്താളി |
| 25 | അവിടനെല്ലൂർ |
| 26 | പേരാമ്പ്ര |

| | |
|---|---|
| 27 | കുട്ടൂർ |
| 28 | കീഴാരിയൂർ |
| 29 | മാവൂർ |
| 30 | കുമാരനെല്ലൂർ |
| 31 | കൊടിയത്തൂർ |
| 32 | കക്കാട് |
| 33 | ചാത്തമംഗലം |